# <u>പ്രോഗസ് റിപ്പോർട്ട് 2020-2025</u>

കോഴിക്കോട് ജില്ലയുടെ വടക്ക്കിഴക്കൻ മലയോര മേഖലയിൽപശ്ചിമഘട്ട മലനിരകൾ കൂടി ഉൾപ്പെടുന്ന 50.63 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വാപിച്ചു കിടക്കുന്ന ജൈവവൈവിധ്യമാർന്ന ഭൂപ്രദേശമാണ് നരിപ്പറ്റ ഗ്രാമപഞ്ചായത്ത്. കിഴക്ക് വയനാട് ജില്ലയുടെ ഭാഗമായ കുഞ്ഞോം ഫോറസ്റ്റും കായക്കൊടി കാവിലുംപാറ ഗ്രാമപഞ്ചായത്തുകളും തെക്ക് കായക്കൊടി, കുന്നുമ്മൽ, നാദാപുരം ഗ്രാമപഞ്ചായത്തുകളും പടിഞ്ഞാറ് വടക്ക് ഭാഗങ്ങളിൽ മയ്യഴി പുഴയുടെ പ്രധാന കൈവഴിയായ വാണിമേൽ പുഴയും നാദാപുരം വാണിമേൽ ഗ്രാമപഞ്ചായത്തുകളും അതിരിടുന്നു. 1950 ലെ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ടിൻറ ഭാഗമായി 1955 ഏപ്രിൽ 1 ന് **നരിപ്പറ്റ പഞ്ചായത്ത്** നിലവിൽ വന്നു.

1960 ലെ കേരള പഞ്ചായത്ത് ആക്ടിൻറെ ഭാഗമായി **നരിപ്പറ്റ പഞ്ചായത്ത്** തുടരുകയും 1964 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിലവിലുള്ള രീതിയിൽ **നരിപ്പറ്റ ഗ്രാമപഞ്ചായത്ത്** നിലവിൽ വരുകയും ചെയ്തു.

## <u>അടിസ്ഥാന വിവരങ്ങൾ</u>

ഗ്രാമപഞ്ചായത്തിന്റെ പേര് -നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്ത് - കുന്നുമ്മൽ

താലൂക്ക് - വടകര

വില്ലേജുകൾ - നരിപ്പറ്റ, തിനൂർ

ജില്ല - കോഴിക്കോട്

നിയമസഭാ മണ്ഡലം - നാദാപുരം

ലോക് സഭ മണ്ഡലം - വടകര

വിസ്തീർണ്ണം - 50.63 ച. കി. മീ.

ജനസംഖ്യ 26529 (സെൻസസ്2011)

പട്ടികജാതി 478

പട്ടിക വർഗ്ഗം 246

വാർഡുകൾ 17

അതിരുകൾ

ജന പ്രതിനിധികൾ

പാർലമെന്റ് അംഗം – ശ്രീ. ഷാഫി പറമ്പിൽ

നിയമസഭാ അംഗം – ശ്രീ. ഇ.കെ വിജയൻ

ജില്ലാ പഞ്ചായത്ത് മെമ്പർമാർ

ശ്രീ. പി.സുരേന്ദ്രൻ

ശ്രീമതി. യശോദ.സി.എം

ശ്രീമതി. നജ്മ.സി.വി.

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ

ശ്രീ. മുഹമ്മദ് കക്കട്ടിൽ

ശ്രീമതി. എൻ.കെ.ലീല

ശ്രീ. വിശ്വനാഥൻ മാസ്റ്റർ

ഭരണസമിതി

പ്രസിഡണ്ട് – ശ്രീ. ബാബു. കാട്ടാളി (w–6)

വൈസ് പ്രസിഡണ്ട് – ശ്രീമതി. ബീന വി.കെ(w–15)

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ

ശ്രീ. വി.നാണു (വികസനസ്റ്റാൻറിംഗ്കമ്മറ്റി(w–9))

ശ്രീമതി. ഷീജ. ടി.കെ. (ക്ഷേമകാര്യം സ്റ്റാൻറിംഗ്കമ്മറ്റി (w–5))

ശ്രീ. ഷാജു.ടോം (ആരോഗ്യം വിദ്യാഭ്യാസ കാര്യ സ്റ്റാൻറിംഗ്കമ്മറ്റി)

മെമ്പർമാർ

ശ്രീമതി. മിനി.പി W–2

ശ്രീമതി. അൽഫോൺസാ റോബിൻ W–3

ശ്രീ. ശശി.ടി W–4

ശ്രീമതി.അജിത. വി.ടി W–7

ശ്രീ.അനുരാജ്.വി.കെ W–8

ശ്രീമതി. ലിബിയ.എം W–10

ശ്രീമതി സക്കീന ഹൈദർ W–11

ശ്രീ.സുധീർ.ടി. W–12

ശ്രീമതി. സജിതസുധാകരൻ. W–13

ശ്രീ.അബ്ദുൾഅസീസ്. W–14

ശ്രീ.കുഞ്ഞബ്ദുല്ല . സി.പി. W–16

ശ്രീമതി. ലേഖ W–17

## നിലവിലുള്ള ഭരണസമിതി

| ക്രമ നം | പേര് | സ്ഥാനം | വാർഡ് | ഫോൺ നമ്പർ |
|---|---|---|---|---|
| 1 |  ബാബു കാട്ടാളി | പ്രസിഡണ്ട് | 6.താവുള്ളകൊല്ലി | 9847710103 |
| 2 |  ബീന വി കെ | വൈസ് പ്രസിഡണ്ട് | 15. കൊയ്യാൽ | 9846607970 |
| 3 |  വി.നാണു | വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 9. ചമ്പിലോറ | 9846521278 |

| | | | | |
|---|---|---|---|---|
| 4 | <br>**ഷീജ ടി കെ** | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 5. നടുത്തറ | 9539043319 |
| 5 | <br>**ഷാജു ടോം** | ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 1.പയ്യേക്കണ്ടി | 8943901408 |
| 6 | <br>**മിനി പി** | മെമ്പർ | 2. കുമ്പളച്ചോല | 90483960855 |
| 7 | <br>**അൽഫോൺസ റോബിൻ** | മെമ്പർ | 3.വാളൂക്ക് | 8078406665 |
| 8 | <br>**ശശി ടി** | മെമ്പർ | 4. മുള്ളമ്പത്ത് | 8086701530 |
| 9 |  | മെമ്പർ | 7. മുണ്ട്യോട് | 7594835086 |

| | | | | |
|---|---|---|---|---|
| | അജിത വി ടി | | | |
| 10 |  അനുരാജ് വി കെ | മെമ്പർ | 8. കൈവേലി | 9947422089 |
| 11 |  ലിബിയ എം | മെമ്പർ | 10.കായക്കൂൽ | 9947895089 |
| 12 |  സക്കീന ഹൈദർ | മെമ്പർ | 11.കണ്ടോത്ത്കുനി | 9745274861 |
| 13 |  സുധീർ ടി | മെമ്പർ | 12.മണ്ണ്യൂർ | 9446254813 |

| | | | | |
|---|---|---|---|---|
| 14 |  സജിത സുധാകരൻ | മെമ്പർ | 13.താഴെ നരിപ്പറ്റ | 918113940072 |
| 15 |  അബ്ദുൾ അസീസ് | മെമ്പർ | 14. ചെവിട്ടുപാറ | 8547362916 |
| 16 |  കുഞ്ഞബ്ദുള്ള സി പി | മെമ്പർ | 16.കക്കുഴിപീടിക | 7594945995 |
| 17 |  ലേഖ കെ | മെമ്പർ | 17. തിനൂർ | 9048828310 |

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് നിലവിലുള്ള ഭരണ സമിതികാലത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

## <u>അതിദരിദ്രർക്കുള്ള പദ്ധതി</u>

കേരളത്തിലെ അതിദരിദ്രരെ കണ്ടെത്തി അവരെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അഭിമാനകരമായ പദ്ധതിയാണ് 'അതിദാരിദ്ര്യ നിർമാർജന പദ്ധതി'.

ഭക്ഷണം, ആരോഗ്യം, പാർപ്പിടം, വരുമാനം സേവന ലഭ്യത തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് അതിദാരിദ്ര്യം നിർണയിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി അതിദരിദ്ര കുടുംബങ്ങൾക്ക് അടിസ്ഥാന സൌകര്യങ്ങളും ആവശ്യമായ സേവനങ്ങളും നൽകുന്നു.തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീയുടേയും പങ്കാളിത്തത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് അതി ദാരിദ്ര്യം പൂർണമായി ഇല്ലാതാക്കുക, അതി ദരിദ്ര വിഭാഗത്തിൽപ്പെട്ട ഓരോ കുടുംബത്തിൻറേയും ആവശ്യത്തിനനുസരിച്ചുള്ള അതിജീവന പദ്ധതികൾ തയ്യാറാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

കൃത്യമായ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിന് സാമൂഹ്യ പങ്കാളിത്തത്തോടെ സർവ്വേ നടത്തുകയും ഓരോ കുടുംബത്തിൻറെയും പ്രത്യേക അവസ്ഥ വിലയിരുത്തി, തദ്ദേശ സ്ഥാപന തലത്തിൽ പ്രത്യേക സൂക്ഷ്മ പരിശോധനകൾ നടത്തി അതി ജീവന പദ്ധതി തയ്യാറാക്കുന്നു. ആധാർകാർഡ് രേഷൻ കാർഡ്, ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ അവകാശ രേഖകളും സേവനങ്ങളും കുടുംബങ്ങൾക്ക് നൽകുന്നു.

ഡിജിറ്റൽ നിരീക്ഷണം :- കുടുംബങ്ങളുടെ ആവശ്യങ്ങൾ മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റത്തിൽ തദ്ദേശ സ്ഥാപനങ്ങൾ അവ എത്രത്തോളം പരിഹരിക്കുന്നുണ്ടെന്ന് ഡിജിറ്റലായി നിരീക്ഷിക്കുകയും ചെയ്യുന്നു.

നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ സർവ്വേ നടത്തിയതിൻറെ. അടിസ്ഥാനത്തിൽ 18 കുടുംബങ്ങളെയാണ് അതിദരിദ്ര കുടുംബങ്ങളായി കണ്ടെത്തി . ലിസ്റ്റിൽ ഏകാംഗകുടുംബമായ രണ്ട് പേർ മരണപ്പെട്ടു. കൂടാതെ മറ്റൊരാൾ മരണപ്പെടുകയും ടിയാൻറെ ഭാര്യയെ തണൽ അഭയകേന്ദ്രത്തിലേക്ക് മാറ്റുകയും ചെയ്തതിനാൽ ഇവരുടെ കുടുംബത്തിന് മറ്റ് സേവനങ്ങളൊന്നും ആവശ്യമില്ലാത്തതിനാൽ ഈ കുടുംബത്തെയും അതിദരിദ്രരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി. ബാക്കി വരുന്ന പതിനഞ്ച് കുടുംബങ്ങൾക്കാവശ്യമായ ആനുകൂല്യങ്ങൾ താഴെ കാണിച്ച പ്രകാരം വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

1) ചന്തു പൊടിക്കളത്തിൽ ഭക്ഷ്യക്കിറ്റും ആവശ്യമുള്ള മരുന്നും നൽകിവരുന്നുണ്ട്.

2) സുലൈഖ രയരോത്ത് –ഭക്ഷ്യക്കിറ്റ് നൽകിവരുന്നുണ്ട്.

3) കല്ല്യാണി മാക്കാവുമ്മൽ ആവശ്യമുള്ള മരുന്ന് നൽകിവരുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വാസയോഗ്യമാക്കിയിട്ടുണ്ട്

4)ജാനു നെല്ലിയുള്ള പറമ്പത്ത് ഭക്ഷ്യക്കിറ്റും ആവശ്യമുള്ള മരുന്നും നൽകിവരുന്നുണ്ട്.

5)ആയിഷമൊയ്തു മീത്തലെ മരോടീമ്മൽ – ഭക്ഷ്യക്കിറ്റും ആവശ്യമുള്ള മരുന്നും നൽകിവരുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വാസയോഗ്യമാക്കിയിട്ടുണ്ട് .

6)മന്ദി ഉമ്പക്കുന്നുമ്മൽ – മരുന്ന് നൽകിവരുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വാസയോഗ്യമാക്കിയിട്ടുണ്ട് .

7)ഏലിയാസ് ഏറംകോട്ടുമ്മൽ –ഭക്ഷ്യക്കിറ്റും , മരുന്നും നൽകിവരുന്നുണ്ട്. (വീട് ആവശ്യമുള്ളതായി സർവ്വേയിൽ കണ്ടെത്തിയിരുന്നെങ്കിലും സ്വന്തമായി സ്ഥലമില്ലാത്തതിനാലും മറ്റൊരിടത്തേക്ക് മാറാൻ വിസമ്മതിച്ചതിനാലും, ടിയാനെ തണൽ അഭയകേന്ദ്രത്തിലേക്ക് മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നെങ്കിലും ആയതിനും ടിയാൻ വിസമ്മതിച്ചു.

8)നാരായണി അരീക്കരമീത്തൽ ഭക്ഷ്യക്കിറ്റും ,ആവശ്യമുള്ള മരുന്നും നൽകിവരുന്നുണ്ട്.

9)മാത്യുകാരോട്ട്–ഭക്ഷ്യക്കിറ്റും ,ആവശ്യമുള്ള മരുന്നും നൽകിവരുന്നുണ്ട്.

10)നാണു ഭക്ഷ്യക്കിറ്റും ആവശ്യമുള്ള മരുന്നും നൽകിവരുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വാസയോഗ്യമാക്കിയിട്ടുണ്ട് .

11) ഹഫീഫത്ത് ഉണ്ടി പറമ്പത്ത് മരുന്നും ഭക്ഷ്യക്കിറ്റും നൽകി വരുന്നു.

12) ചന്ദ്രി നമ്പാപൊയിൽ– മരുന്നും ഭക്ഷ്യക്കിറ്റും നൽകി വരുന്നു. ,സ്ഥിരവരുമാനം ലഭ്യമാക്കുന്നതിന് ഉജ്ജീവനം പദ്ധതി വഴി പെട്ടിക്കട ലഭ്യമാക്കിയിട്ടുണ്ട് .

13)മോഹനൻ എളംപറമ്പത്ത് – മരുന്നും ഭക്ഷ്യക്കിറ്റും നൽകി വരുന്നു. സ്ഥിരവരുമാനം ലഭ്യമാക്കുന്നതിന് ഉജ്ജീവനം പദ്ധതി വഴി പെട്ടക്കട ലഭ്യമാക്കിയിട്ടുണ്ട് . പി എം കെ എസ് വൈ പദ്ധതി വഴി ആടിനെയും നൽകിയിട്ടുണ്ട്.

14)മനോജൻ ഉള്ളൂറ– മരുന്നും ഭക്ഷ്യക്കിറ്റും നൽകി വരുന്നു, സ്ഥിരവരുമാനം ലഭ്യമാക്കുന്നതിന് പി എം കെ എസ് വൈ പദ്ധതി വഴി കോഴിയും കൂട്ടും നൽകിയിട്ടുണ്ട്.

15)നാണു കോയ്യാൽ– ആവശ്യമായി മരുന്നും ഭക്ഷ്യക്കിറ്റും നൽകി വരുന്നു.വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വീട് വാസയോഗ്യമാക്കിയിട്ടുണ്ട്.

ഓണത്തിനോടനുബന്ധിച്ച് മുഴുവൻ അതിദരിദ്ര കുടുംബങ്ങൾക്കും ഓണക്കിറ്റ് ഓണക്കോടി ഇവ വിതരണം ചെയ്തു ഓണക്കിറ്റ് തനത് വരുമാനത്തിൽ നിന്നും ഓണക്കോടി സ്പോൺസർഷിപ്പിലൂടെയും വിതരണം ചെയ്തു.

**അതിദാരിദ്ര്യ നിർമാർജനവുമായി ബന്ധപ്പെട്ട വാർഷിക പദ്ധതികൾ**

| സാമ്പത്തിക വർഷം | പദ്ധതി | വകയിരുത്തിയ തക |
|---|---|---|
| 2022-23 | വീട് വാസയോഗ്യമാക്കൽ | 600000 |
| 2022-23 | മരുന്ന് ഭക്ഷണം | 100000 |
| 2023-24 | വീട് നിർമാണം (ലൈഫ് ) | 400000 |
| 2023-24 | ഭക്ഷ്യക്കിറ്റ് (തനത് ഫണ്ട് ) | 100000 |
| 2023-24 | മരുന്ന് വിതരണം | 50000 |
| 2024-25 | ഭക്ഷ്യക്കിറ്റ് (തനത് ഫണ്ട് ) | 100000 |
| 2024-25 | മരുന്ന് വിതരണം | 50000 |
| 2025-26 | ഭക്ഷ്യക്കിറ്റ് (തനത് ഫണ്ട് ) | 100000 |
| 2025-26 | മരുന്ന് വിതരണം | 50000 |

സമൂഹത്തിലെ ഏറ്റവും ദരിദ്രരായ ഇവരുടെ പ്രശ്നങ്ങളിൽ ശ്രദ്ധാ പൂർവ്വമുള്ള ഇടപെടൽ ഉറപ്പ വരുത്താൻ സന്നദ്ധ സംഘടനാ സഹായം ഉൾപ്പടെ ഉപയോഗപ്പെടുത്തിക്കൊണ്ട് മാതൃകാപരമായി പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2024 മാർച്ച് 26 ന് നാദാപുരം നിയോജക മണ്ഡലം എം.എൽ.എ ശ്രീ ഇ.കെ വിജയൻ നരിപ്പറ്റ ഗ്രാമപഞ്ചായത്തിനെ അതിദാരിദ്ര്യമുക്ത പഞ്ചായത്തായി പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

## ലൈഫ് ഭവന പദ്ധതി (പാർപ്പിട മേഖല)

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭ്യമാകുന്നതിന് ഭൂരഹിത ഭവന രഹിതരായി ആകെ 17 പേരും ഭവന രഹിതരായി ആകെ 829 പേരും അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷകർ സമർപ്പിച്ച രേഖകളും സൈറ്റുകളും പരിശോധിച്ചതിൽ നിന്നും ഭൂരഹിത ഭവന രഹിതരായി 2 അപേക്ഷകരെയും ഭവന രഹിതരായി ആകെ 425 ഗുണഭോക്താക്കളെയും അംഗീകരിക്കുകയും . അവർക്കുള്ള ആനുകൂല്യങ്ങൾ നൽകി വരുകയും ചെയ്യുന്നുണ്ട്. നിലവിൽ 157 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെടുകയും 67 പേർ നിർമാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 90 പേർ ഭവന നിർമാണ പൂർത്തീകരണത്തിൻറെ വിവിധ ഘട്ടങ്ങളിലുമാണ്. ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് സംസ്ഥാന വിഹിതം, ലോൺതുക ഉൾപ്പടെ

ഇതുവരെ ആകെ 47920000/- രൂപ ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ട്. ആനുകൂല്യം ലഭിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുന്ന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

| | | |
|---|---|---|
| ലൈഫ് ജനറൽ വിഭാഗം | : | 38645865/- |
| ലൈഫ് എസ്.സി വിഭാഗം | : | 4952674/- |
| ലൈഫ് എസ്.ടി വിഭാഗം | : | 4321128/- |
| ആകെ | : | 47920000/- |

ലൈഫ് ഭവന പദ്ധതി വഴി പുതിയ വീടിന് ആനുകൂല്യം നൽകിയതിന് പുറമെ, വീട് അറ്റകുറ്റ പണികൾ നടത്തുന്നതിനും മുൻഗണന നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഇക്കാലയളവിൽ വീട് അറ്റകുറ്റ പണികൾ നടത്തുന്നതിന് താഴെ കാണിച്ച പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ജനറൽ വിഭാഗം | : | 6553700/ (88 പേർക്ക്) |
| എസ്.സി വിഭാഗം | : | 1338600/-(12 പേർക്ക്) |
| എസ്.ടി വിഭാഗം | : | 300000/- (2 പേർക്ക്) |
| ആകെ | : | 8192300/- |

പി.എം.എ. വൈ. പദ്ധതി പ്രകാരം 38 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിനായി 2660000/- രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചു.

## ശുചിത്വ സുന്ദര ഗ്രാമം (മാലിന്യ സംസ്കരണം)

സംസ്ഥാന സർക്കാരിൻറെ മുഖ്യപരിപാടികളിലൊന്നായ മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി നരിപ്പറ്റ ഗ്രാമപഞ്ചായത്തും വിവിധ തലങ്ങളിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. നാളത്തെ തലമുറയ്ക്ക് കൂടി നമ്മുടെ ഭൂമി സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെല്ലാം മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻറെ ഭാഗമായി ഗ്രാമപഞ്ചായത്തിനെ സമ്പൂർണ ശുചിത്വ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

### അജൈവ മാലിന്യ സംസ്കരണം

നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ ആകെ 17 വാർഡുകളിൽ 45 മിനി എംസിഎഫുകളും 30 ബോട്ടിൽ ബൂത്തും നിലവിലുണ്ട്. ഹരിതകർമസേനയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് സഹായകരമാകുന്ന തരത്തിലുള്ള വിപുലവും മികച്ച സൌകര്യത്തോട്ടു കൂടിയതുമായ പുതിയ എം സി എഫ് കെട്ടിടം(4121.29 sq.ft) ഉദ്ഘാടനം ചെയ്തു. വീടകളിൽ നിന്നും ഹരിതകർമസേന ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് എം സി എഫിൽ എത്തിക്കുകയും പ്ലാസ്റ്റോ ഏജൻസിക്ക് കൈമാറുകയും ചെയ്യുന്നു. നിലവിൽ 34 ഹരിതകർമസേനാംഗങ്ങളാണ് ഉള്ളത്. അവർക്ക് ആവശ്യമായ യൂണിഫോം സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഹരിത കർമസേന കൺസോർഷ്യം രൂപീകരിച്ച് നല്ലരീതിയിൽ പ്രവർത്തിച്ച് വരുന്നു. പഞ്ചായത്ത് തലത്തിൽ മാസംതോറും ഹരിതകർമസേനയുടെ യോഗം വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ആരോഗ്യവിദ്യാഭ്യസ സ്റ്റാന്ഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ഇതിന് മേൽനോട്ടം വഹിക്കുന്നു. മാലിന്യനീക്കം സുഗമമാക്കുന്നതിന് ഹരിതകർമസേനയ്ക്ക് സ്വന്തമായി വാഹനം ലഭ്യമാക്കിയിട്ടുണ്ട്. അജൈവ വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള കലണ്ടർ തയ്യാറാക്കി ആയത് പ്രകാരം വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്.

**<u>ജൈവ മാലിന്യ സംസ്കരണം</u>**

ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്കൂളുകളിലും അംഗൻവാടികളിലും 5235 വീട്ടുകളിലും ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുണ്ട്.(റിംഗ് കമ്പോസ്റ്റ്, കമ്പോസ്റ്റ്പിറ്റ്, മൺകല കമ്പോസ്റ്റ്, ബയോബിൻ)

**<u>പൊതു ഇടങ്ങളിലെ ശുചിത്വം</u>**

ടൌണുകളിലും പഞ്ചായത്തിൻറെ മറ്റ്പ്രദേശങ്ങളിലും ഹരിത കർമ്മസേന, തൊഴിലുറപ്പ് തൊഴിലാളികൾ,വ്യാപാരി വ്യവസായികൾ,ജനപ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടെ പൊതു ശുചീകരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ടൌൺ സൌന്ദര്യവത്കരണത്തിൻറെ ഭാഗമായി പഞ്ചായത്തിലെ 342 അയൽക്കൂട്ടങ്ങളിൽ നിന്നും പഞ്ചായത്തിലേക്ക് മൺചെടിച്ചട്ടി സ്പോൺസർ ചെയ്തു.

ടൌണുകൾ കേന്ദ്രീകരിച്ചുള്ള മാലിന്യ സംസ്കരണ സംവിധാനത്തിൻറയും ടൌൺ സൌന്ദര്യവത്കരണത്തിൻറെയും ഭാഗമായി കച്ചവടക്കാർ ഓട്ടോടാക്സി തൊഴിലാളികൾ മറ്റു പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു.

**<u>ഐ.ഇ.സി പ്രവർത്തനങ്ങൾ</u>**

വാർഡിലെ അയൽസഭ തലത്തിൽ മികച്ച പുരയിടം പരിപാലിക്കുന്ന വീട്ടമ്മയെ ആദരിക്കുന്നതിനായി **"ഗ്രാമസുരഭി"** എന്ന പേരിൽ പുരയിട ശുചിത്വ പരിപാലന പുരസ്കാരം നല്കിയ പരിപാടി ശ്രദ്ധേയമായിരുന്നു. ജില്ലയിൽ എറ്റവും ആദ്യം സമ്പൂർണശുചിത്വ അയൽക്കൂട്ട പ്രഖ്യാപനം നടത്തിയത് നരിപ്പറ്റ ഗ്രാമപഞ്ചായത്താണ്. ഇതിൻറെ ഭാഗമായി മുഴുവൻ കുടുംബശ്രീയും ശുചിത്വ അയൽക്കൂട്ടമായി പ്രഖ്യാപിച്ചു. അയൽക്കൂട്ട പ്രഖ്യാപനത്തിൻറെ ഭാഗമായി മൺകലകമ്പോസ്റ്റ് ക്യാമ്പയിൻ വ്യാപകമാക്കിയാണ് ശുചിത്വ പ്രഖ്യാപനത്തിലേക്ക് എത്തിയത്. അയൽക്കൂട്ടങ്ങൾ ശുചിത്വ ഗ്രേഡിംഗ് നടത്തിയിട്ടുണ്ട് .ഇതിൻറെ ഭാഗമായി മുഴുവൻ അയൽക്കൂട്ടങ്ങളിലും ഗ്രീൻ അംബാസിഡർമാരെ തിരഞ്ഞെടുക്കുകയും ഒരോ അയൽക്കൂട്ടത്തിൻറെയും പരിസരത്ത് ശുചിത്വ പരിശോധന നടത്തി പരിപാലിക്കുന്നതിനുള്ള ചുമതല നൽകുകയും ചെയ്തു.കൂടാതെ ശുചിത്വസന്ദേശ പോസ്റ്റർ, ചുമർചിത്രം വഴിയോരങ്ങളിൽ പ്ലാസ്റ്റിക്ക് സഞ്ചിയും കുപ്പികളും നിക്ഷേപിക്കാനായി തുണി സഞ്ചികൾ പോസ്റ്റുകളിൽ സ്ഥാപിക്കുകയും ചെയ്തു.

പഞ്ചായത്തിലെ 31 അംഗൻവാടികളിലും ശുചിത്വ പരിശോധന നടത്തുകയും മികച്ച ശുചിത്വ പരിപാലനം നടത്തുന്ന 3 അംഗൻവാടികൾക്ക് ശുചിത്വ അവാർഡും സർട്ടിഫിക്കറ്റും നൽകി. കൂടാതെ 28 അംഗൻവാടികൾക്ക് എ ഗ്രേഡ് സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. ഇതോടൊപ്പം അംഗൻവാടികളിൽ ജൈവ പച്ചക്കറി കൃഷി മത്സരാടിസ്ഥാനത്തിൽ ചെയ്തു വരുന്നു. കുട്ടികളിൽ കൃഷിയുടെ പ്രാധാന്യം ബോധ്യമാക്കുക, വിഷരഹിത പച്ചക്കറി ഭക്ഷണത്തിൽ ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ പദ്ധതി നടത്തിവരുന്നത്. ഇതിന് നേതൃത്വം നൽകുന്നതിന് അംഗൻവാടികളിൽ ഗ്രീൻ അംബാസിഡർമാരെ തിരഞ്ഞെടുത്തിട്ടുണ്ട്. ശുചിത്വ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിൽ ശുചിത്വ സന്ദേശ റാലികൾ,ശുചിത്വ അസംബ്ലി,കുട്ടികളുടെ ഹരിത സഭ,ശുചിത്വ ഗ്രാമ സഭകൾ,കുടുംബശ്രീ അംഗങ്ങൾക്ക് വേണ്ടി ആരോഗ്യ ശുചിത്വ ക്വിസ് മത്സരം,ഐ.ഇ.സി ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വാർഡ് സാനിറ്റേഷൻ കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന് നിലവിലെ പ്രവർത്തനത്തിൻറെ പുരോഗതി അവലോകനം ചെയ്തു വരുന്നു.

മുഴുവൻ വിദ്യാലയങ്ങൾ കലാലയങ്ങൾ സ്ഥാപനങ്ങൾ പൊതുസ്ഥലങ്ങൾ എന്നിവ ഹരിത പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

## എൻഫോഴ്സ്മെൻറ് പ്രവർത്തനം

ഗ്രാമപഞ്ചായത്ത് സ്വന്തം നിലയിൽ 110 ലധികം പരിശോധനകൾക്ക് നേതൃത്വം നല്കിയിട്ടുണ്ട്.പരിശോധനയിൽ കർശ്ശന നിയമ നടപടികളിലൂടെ 1,92,500 /- രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് 2021-2022 വർഷം മുതൽ മാലിന്യ സംസ്കരണ മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഖര മാലിന്യ സംസ്കരണത്തിനായി എം.സി.എഫ് കെട്ടിടം നിർമിച്ച് ആവശ്യമായ അനുബന്ധ സൌകര്യങ്ങളും ഒരുക്കുകയും ജില്ലയിലെ തന്നെ മികച്ച എം.സി.എഫ് ൽ ഒന്നായി നരിപ്പറ്റ ഗ്രാമപഞ്ചായത്ത് എം.സി.എഫ് നെ മാറ്റാനും കഴിഞ്ഞിട്ടുണ്ട്. റിംഗ് കമ്പോസ്റ്റ് വിതരണം, എം.സി.എഫ് നിർമാണം. വിപുലീകരണം, ടെയ്ക്ക് എ ബ്രേക്ക് കെട്ടിട നിർമാണം, അങ്കണവാടികളിൽ ശുചിത്വ സംവിധാനങ്ങൾ ഒരുക്കൽ, ഹരിത കർമ സേനാ വാഹനം വാങ്ങൽ, ഹരിത കർമസേന പ്രവർത്തനങ്ങൾ, മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി അടിയന്തിരമായി നടപ്പിലാക്കിയ പ്രവൃത്തികൾ, ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ, മിനി എം.സി.എഫുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികളിലായി നരിപ്പറ്റ ഗ്രാമപഞ്ചായത്ത് രണ്ട് കോടി അറുപത് ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്.

## <u>പാലിയേറ്റീവ് പരിചരണം</u>

നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ 45 രോഗികളുമായി 2010 ലാണ് പാലിയേറ്റീവ് സേവനം ആരംഭിച്ചത്. ആ സമയങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം മാത്രമാണ് ഹോം കെയർ ഉണ്ടായിരുന്നത്. 2020 ആകുമ്പോഴേക്കും രോഗികളുടെ എണ്ണം 190 ആയി വർധിക്കുകയും മാസത്തിൽ 16 ദിവസങ്ങളിൽ ഹോംകെയർ സേവനം നടത്തേണ്ടതായും വന്നു. തുടർന്നും രോഗികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായത് കാരണം 2024 ൽ 20 ഹോം കെയർ ദിനങ്ങളാക്കുകയും ചെയ്തു.

2025ൽ നിലവിൽ വന്ന കേരള കെയർ ഗ്രിഡിൽ മൊത്തം284 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നിലവിൽ കിടപ്പ് രോഗികൾക്കാവശ്യമായഎല്ലാ സേവനങ്ങളും പ്രാഥമിക തലത്തിൽ തന്നെ നൽകി വരുന്നുണ്ട്. ഇവർക്ക് ശയ്യാവ്രണം വരാതിരിക്കാനുള്ള എയർ ബെഡ്,വാട്ടർ ബെഡ്, ബാത്ത് റൂം സൌകര്യമില്ലാത്തവർക്കായി കമ്മോഡ് ചെയർ നടക്കാൻ പരസഹായം വേണ്ടവർക്ക് വാക്കിംഗ് സ്റ്റിക്ക്, വാക്കർ, വീൽചെയർ എന്നിവ ആവശ്യാനുസരണം നൽകി വരുന്നു.

കിഡ്നി രോഗികൾക്കാവശ്യമായ വിലകൂടിയ മരുന്നുകൾ വാങ്ങിച്ചു നൽകുന്നു. ക്യാൻസർ രോഗികൾക്ക് പ്രാധാന്യം നൽകി കൊണ്ട് സെക്കണ്ടറി തലത്തിൽ സെക്കണ്ടറി നഴ്സിൻറെ സേവനം മാസത്തിൽ അഞ്ച് ദിവസമെങ്കിലും നടത്തി വരുന്നു.അവർക്കാവശ്യമായ മോർഫിൻ പോലുള്ള വേദന സംഹാരികൾതാലൂക്കാആശുപത്രിയുമായി ബന്ധപ്പെടുത്തി നൽകി വരുന്നു. ആവശ്യാനുസരണം ഓക്സിജൻ കോൺസൻട്രേറ്റുകൾ, ഓക്സിജൻ സിലിണ്ടർ എന്നിവ നൽകി വരുന്നു. അവശത അനുഭവുക്കുന്ന രോഗികളുടെ വീട്ടിൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ നേരിട്ടെത്തി സേവനം നൽകി വരുന്നുണ്ട്.ആയുർവ്വേദ, ഹോമിയോ മരുന്നുകൾ ചികിത്സകളും മരുന്നുകളും ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കുന്നുണ്ട്.

രോഗികളുടേയും വീട്ടുകാരുടേയും മാനസിക ഉല്ലാസത്തിന് വേണ്ടി എല്ലാ വർഷവും കുടുംബ സംഗമവും നടത്തി വരുന്നുണ്ട്. സെക്കണ്ടറി തലത്തിൽ ഓരോ വർഷവും പഞ്ചായത്തിലെ തെരെഞ്ഞടുത്ത രോഗികളേയും വീട്ടുകരേയും ഉല്ലാസ യാത്രയിൽ പങ്കെടുപ്പിക്കുന്നു.

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷമായി ആകെ 3622000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## <u>ആർദ്രം മിഷൻ</u>

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പരിശോധനാ സംവിധാനം ഉച്ചവരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത് ഗ്രാമീണ ജനതയ്ക്ക് ചികിത്സ ലഭ്യമാവുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. ആയത് പരിഹരിക്കുന്നതിന് സംസ്ഥാനസർക്കാർ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയ ആർദ്രം പദ്ധതി വളരെയധികം ജനോപകാരപ്രദമായ പദ്ധതിയായി മാറിക്കഴിഞ്ഞു. പരിശോധനാ സംവിധാനം വൈകുന്നേരം വരെയാക്കി . ആയതിന് ഒരു ഡോക്ടർ ഒരു പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ സേവനം വൈകുന്നേരംവരെ ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം ലഭിക്കുകയും ആയത് നടപ്പിൽ വരുത്തുകയും ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനും കഴിഞ്ഞതോടെ പൊതുജനങ്ങൾക്ക് ചികിത്സാ സൌകര്യം കൂടുതൽ ലഭ്യമായി. ആർദ്രം മിഷൻ പദ്ധതി നടപ്പിലാക്കിയതുമുതൽ 4605102/- രൂപ ജീവനക്കാരെ നിലനിർത്തുന്നതിനും 2587000/- രൂപ മരുന്നു വാങ്ങുന്നതിനുമായി ചെലവഴിച്ചിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഭൌതിക സാഹചര്യം, പരിശോധനാ സംവിധാനം എന്നിവ മെച്ചപ്പെടുത്തുന്നതിനും (ഹെൽത്ത് ഗ്രാൻറ് -278 (സ്കീം-3)) ജനകീയ ആരോഗ്യ

കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും (ഹെൽത്ത് ഗ്രാൻറ് -281 (സ്കീം-4)) ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാൻറ് അനുവദിച്ചു കിട്ടിയിട്ടുണ്ട്. ഹെൽത്ത് ഗ്രാൻറ് ലഭ്യമായി തുടങ്ങിയ 2022-23 മുതൽ പ്രസ്തുത തുകയിലെ നിസ്കീം -278 ൽ നിന്നും 1270103/- രൂപയും സ്കീം -281 ൽ നിന്നും 576817/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

### ആയുർവ്വേദാശുപത്രി

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് ആയുർവ്വേദാശുപത്രി നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത സ്ഥാപനത്തിന് വാടക നൽകുന്നതിന് ഗ്രാമപഞ്ചായത്ത് പദ്ധതി രൂപീകരിച്ച് തുക അനുവദിച്ചു വരുന്നുണ്ട്. ആയുർവ്വേദാശുപത്രിക്ക് വേണ്ടി സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് 1700000/- രൂപയും പൊതു ജനങ്ങളിൽ നിന്നും ജനകീയ കമ്മറ്റി ശേഖരിച്ച 41 ലക്ഷം രൂപയും ചെലവഴിച്ച് കൈവേലിയിൽ സ്ഥലം വാങ്ങിയിട്ടുണ്ട്.

കെട്ടിടം നിർമിക്കുന്നതിന് 50 ലക്ഷം രൂപ സംസ്ഥാന സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളതിന് പുറമെ എം.എൽഎ ഫണ്ട് 50 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

## കൃഷി

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് പരിപൂർണമായും കാർഷിക മേഖലയെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ജന സമൂഹമായിരുന്നു. ഗ്രാമപഞ്ചായത്തിലെ രണ്ട് വില്ലേജുകളുടേയും പ്രധാന സ്ഥലങ്ങളുടേയും പേരുകൾ പോലും കൃഷിയുമായോ ബന്ധപ്പെട്ട മനുഷ്യ വന്യജീവി സംഘർഷവുമായോ ബന്ധപ്പെട്ടിരിക്കുന്നവയാണ്. തിന ധാരളം കൃഷി ചെയ്തിരുന്ന ഊരെന്ന പേരിൽ തിനൂർ എന്നസ്ഥലും ഒരു പറ്റം നരികൾ(പുലികൾ) ഉണ്ടായിരുന്ന സ്ഥലം നരിപ്പറ്റ എന്നും പശുക്കളും മറ്റ് മൃഗങ്ങളും വയലിലേക്ക് ഇറങ്ങാതിരിക്കാനായി വേലികെട്ടിയ സ്ഥലം (കയ്യാലവേലികെട്ടിയ) 'കൈവേലി' ആയി തീർന്നതെന്നും പറയപ്പെടുന്നു.

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് നിലവിൽ വരുന്ന കാലത്ത് തന്നെ ജനങ്ങളുടെ ജീവനോപാധി കൃഷിയായിരുന്നു. ഗ്രാമപഞ്ചായത്തിൻറെ താഴ്ന്ന പ്രദേശങ്ങളായ നരിപ്പറ്റ, തിനൂർ, താവുള്ളകൊല്ലി, കൈവേലി, മുള്ളമ്പത്ത്, മുണ്ടോംകണ്ടം, കുനിയപ്പൊയിൽ, മണ്ണൂർ എന്നീ പ്രദേശങ്ങളിലെ വയലുകളിൽ മൺസൂൺ കാലത്തെ അടിസ്ഥാനപ്പെടുത്തി പരമ്പരാഗതമായി വിവിധയിനം നെൽകൃഷി നടത്തിയിരുന്നു. വേനൽക്കാലങ്ങളിൽ വയലുകളിൽ ജല ലഭ്യതയ്ക്കനുസൃതമായി നെൽകൃഷിയും പച്ചക്കറി കൃഷിയും നടത്തി വന്നിരുന്നു.

മലയോരങ്ങളിലും കുന്നിൻ പ്രദേശങ്ങളിലും കാട് വെട്ടിതെളിയിച്ച് സംഘങ്ങളായി കപ്പ, വാഴ നെല്ല് തുങ്ങിയ കൃഷികൾ നടത്തിയിരുന്നു. കളപറിക്കുന്നതിനനും കൊയ്യുന്നതിനും മറ്റുമായി കർഷക കുടുംബങ്ങളിലെ സ്ത്രീകളും കൃഷിയിൽ  ഏർപ്പെട്ടിരുന്നു. കളപറിക്കുമ്പോഴും കൊയ്ത്ത് നടക്കുമ്പോഴും 'ഞാട്ടിപണി' നടക്കുമ്പോഴും നാടൻ പാട്ടും വടക്കൻ പാട്ടും താളത്തിൽ പാടുന്ന പതിവുണ്ടായിരുന്നു. മലയോരങ്ങളിലെ  കൃഷിയിടങ്ങളിൽ പുരുഷന്മാരും സ്ത്രീകളും ദിവസങ്ങളോളം താമസിച്ചാണ് നെൽകൃഷി ഉൾപ്പടെയുള്ള കൃഷി നടത്തി വന്നത് . വിവിധയിനം കരനെല്ലിനങ്ങളും തിന, എള്ള്, മുത്താറി തുടങ്ങിയ ധാന്യങ്ങളും കപ്പ, ചേന. ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ് മുതലായവയും വന്യമൃഗങ്ങളോട് പോരാടികൊണ്ട് കൃഷി ചെയ്തിരുന്നു.

നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ രണ്ട് തരത്തിലുള്ള പാട്ടക്കൃഷി സമ്പ്രദായം നിലവിലുണ്ടായിരുന്നു. നെൽ വയലുകൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുകയും ഭൂവുടമയ്ക്ക് വിളയുന്ന നെല്ലിൻറെ ഒരു ഭാഗം നൽകുകയും ചെയ്യുന്നു. മറ്റൊന്ന് സ്വന്തം ഉടമസ്ഥതയിലുള്ള ഭൂമിയിലെ തെങ്ങ്, കവുങ്ങ് കശുമാവ്, കുരുമുളക് എന്നിവയിലെ ആദായം ഒന്നോ അതിൽകൂടുതൽ വർഷത്തേക്ക് മറ്റൊരാൾക്ക് മുൻകൂറായി നൽകുകയും ആയതിനുള്ള വില കൈപ്പറ്റുകയും ചെയ്യുന്ന രീതിയും നിലവിലുണ്ടായിരുന്നു.

പിന്നീട് കൃഷി, അധ്വാനം കൂടുതൽ ആവശ്യമുള്ളതും ദാരിദ്ര്യം അകറ്റാൻ പര്യാപ്തവുമല്ലാത്തതായി തീർന്നു. മാറി വന്ന പുതിയ സാഹചര്യത്തിൽ കെട്ടിട നിർമാണ മേഖലയിലും മറ്റ് വിവിധ മേഖലകളിലും തൊഴിലവസരങ്ങൾ വർധിച്ചതിൻറേയും റൊക്കം പൈസ കൂലി സമ്പ്രദായം നിലവിൽ വന്നതോടുകൂടി പുതു തലമുറ കാർഷിക മേഖലയിൽ നിന്ന് പിന്നോക്കം പോയി.  വിദ്യാഭ്യസ സൌകര്യങ്ങൾ വർധിച്ചതോടുകൂടി സാധാരണക്കാർക്കും വിദ്യാഭ്യാസം ലഭ്യമാവുകയും സർക്കാർ ജോലികളിലും മറ്റും ജോലികൾ ലഭ്യമാവുകയും ചെയ്തു.  കാലക്രമേണ പരമ്പരാഗതമായി നിലനിന്നിരുന്ന കാർഷിക മേഖല മന്ദീഭവിക്കുകയും ചെയ്തു.

വന്യമഗങ്ങളുടെ ആക്രമണം കീട ബാധകൾ മണ്ണിൻറെ ഫലഭൂയിഷ്ഠത നഷ്ടമാകൽ, കാലാവസ്ഥയിലെ വ്യതിയാനങ്ങൾ, ഉത്പന്നങ്ങളുടെ വിലതകർച്ച എന്നിവ കാർഷിക മേഖലയെ വല്ലാതെ തളർത്തുകയും ചെയ്തു.

കാർഷിക മേഖല വളരെയേറെ പിറകോട്ട് പോയ സാഹചര്യത്തിലാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം കടന്നുവന്നത്....  മനുഷ്യൻറെ അടിസ്ഥാനപരമായ നിലനിൽപിന് ഉത്പാദന മേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ടെന്ന കാഴ്ചപ്പാടോടുകൂടി

സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പഞ്ചവത്സര പദ്ധതികളിൽ കൃഷിക്ക് വളരെയധികം പ്രാധാന്യം നൽകുകയും ചെയ്തു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിൻറ നിശ്ചിത ശതമാനം ഉത്പാദന മേഖലയ്ക്ക് മാറ്റി വയ്ക്കുന്നതിന് നിഷ്കർഷിക്കുകയും ചെയ്തു. ഇത് കാർഷിക മേഖലയ്ക്ക് ഒരു പുനരുജ്ജീവനം നൽകി. എന്നാലും കാർഷിക മേഖല  സ്വയം പര്യാപ്തതനേടുന്നതിലേക്ക് ഇനിയും ഏറെ മുന്നോട്ട് പോവേണ്ടതുണ്ട്.

നിലവിലുള്ള ഭരണ സമിതിയുടെകാലത്ത് ഉത്പാദന മേഖലയിലെ കൃഷിക്ക് മാത്രമായി 7483306/- രൂപ ചെലവഴിച്ചിട്ടുണ്ട്. അന്യം നിന്നു പോയ പലകൃഷികളും തിരികെ കൊണ്ടു വരുന്നതിനും വ്യാപിപ്പിക്കുന്നതിനും ഇതുവഴി സാധിച്ചിട്ടുണ്ട്.   വർധിച്ചു വരുന്ന വന്യമൃഗ ശല്യവും മണ്ണിൻറെ ഫലഭൂയിഷ്ഠത നഷ്ടപ്പെട്ടതും , ജല ലഭ്യത കുറവും, ഉത്പന്നങ്ങൾക്ക് വില സ്ഥിരത ഇല്ലായ്മയും തുടങ്ങി നിരവധിയായ വിഷയങ്ങൾ കാർഷിക മേഖല അഭിമുഖീകരിക്കുന്നുണ്ട്. വിവിധ കൃഷികൾ സംയോജിപ്പിച്ച് കൃഷി നല്ലരീതിയിൽ കൊണ്ടു പോവുന്നവരും നിലവിലുണ്ട്. പുതിയകാലത്ത് വിവിധങ്ങളായ കൃഷികളും കൃഷി രീതികളും സംയോജിപ്പിച്ച് വ്യാപകമായ  കൂട്ടികൃഷി രീതിയിലൂടെയും, വിവിധയിനം തോട്ട വിളകൾ കൂട്ടായും വ്യാപകമായും നടപ്പിലാക്കിയും, ഫാം ടൂറിസം പോലുള്ള ആശയങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന്  വരുംകാലത്ത് ഗ്രാമപഞ്ചായത്തിന് കഴിയേണ്ടതുണ്ട്.

. പദ്ധതിക്കാലത്ത് നടപ്പിലാക്കിയ കൃഷിമേഖലയിലെ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

പച്ചക്കറിതൈ വിതരണം – ഹരിതസമൃദ്ധി വാർഡ്
ജൈവപച്ചക്കറി കൃഷി വികസനം
കുറ്റികുരുമുളക് വികസനം
തെങ്ങിന് ജൈവവളപ്രയോഗത്തിന് ധനസഹായം
ഇടവിള കിറ്റ് വിതരണം
ഇടവിളകൃഷി വികസനം
പച്ചക്കറി തൈ വിതരണം
വാഴക്കന്ന് വിതരണം
സുഫലം – ഫലവൃക്ഷതൈ വിതരണം
തേനീച്ച കൃഷി

ഞങ്ങളും കൃഷിയിലേക്ക് ഗ്രോബാഗ് വിതരണം

മൺചട്ടി വിതരണം.

പി.എം.കെ.എസ്.വൈ പദ്ധതിവഴി 12773604//- രൂപയും ചെലവഴിച്ചിട്ടുണ്ട്.

കുടുംബശ്രീ വഴി 46800000/-

## മൃഗ സംരക്ഷണവും ക്ഷീര വികസനവും

പശു ആട് തുടങ്ങിയ മൃഗ സംരക്ഷണം കൃഷിയുടെ വ്യാപനത്തോടൊപ്പം വളർന്നു വന്നതാണ്. ആദ്യ കാലങ്ങളിൽ ധനിക കർഷകരുടെ വീട്ടു പറമ്പിലും , നാട്ടിലുള്ള പറമ്പുകളിലും തൊഴുത്ത് കെട്ടി, പത്തും അൻപതും വരെ പശുക്കളെ വളർത്തിയിരുന്നു.

വളർത്തുന്നരീതി

കാലത്ത് തൊഴുത്ത് തുറന്നു വിടുന്നു. സ്വതന്ത്രമായി മേഞ്ഞ നടന്ന് രാത്രിക്കു മുമ്പായി തൊഴുത്തിൽ വന്നു കയറുന്നു. മരം കൊണ്ടോ കല്ല് കൊണ്ടോ നിർമിച്ച (നരി(പുലി) പിടിക്കാതിരിക്കാൻ) നല്ല ഉറപ്പുള്ള തൊഴുത്തായിരുന്നു ഉണ്ടായിരുന്നത്. നരി ഉൾപ്പടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണമായിരുന്നു നേരിട്ട പ്രധാനവെല്ലുവിളികൾ.

കാളക്കുട്ടൻമാരെ ഉഴുത്ത് കാളകളാക്കി പരിശീലിപ്പിച്ച് വയലിലും പറമ്പിലും കൃഷിപണിക്ക് ഉപയോഗിച്ചിരുന്നു. ധനിക കർഷകരടെ വീട്ടിൽ ധാരാളം പശുക്കളെ വളർത്തിയിരുന്നെങ്കിലും പാൽ കറന്നെടുക്കുന്നത് വളരെ കുറവായിരുന്നു.

മലയോര മേഖലകളിൽ വ്യാപകമായി കൃഷി നടപ്പിലായതോടുകൂടി ഇവിടങ്ങളിൽ വലിയ ആലകൾകെട്ടി കൂട്ടം കൂട്ടമായി പശു വളർത്തുന്ന അവസ്ഥ നിലവിൽ വന്നു. താവുള്ള കൊല്ലി, അറക്കലപൊയിൽ, മേക്കോട്ട, ഇരുമ്പൻ തടം , ഉപ്പമ്മൽ, എരട്ടേംചാൽ, കുമ്പളച്ചോള ഈന്തുംകാട് തുടങ്ങിയ മലയോര മേഖലകളിൽ തൊഴിലാളികളെ കൂലിക്ക് നിർത്തി കൂട്ടായ പശു വളർത്തൽ നടത്തി വന്നു.

കാർഷിക മേഖലയുടെ തകർച്ചയോടു കൂടി കന്നുകാലി വളർത്തൽ നിരവധി പ്രയാസങ്ങൾ നേരിട്ടു തുടങ്ങി. കൂട്ടം കൂട്ടമായുള്ള കന്നുകാലി വളർത്തൽ ഏതാണ്ട് പൂർണമായും ഇല്ലാതാവുന്ന അവസ്ഥ വന്നു ചേർന്നു. ക്രമേണ ഒറ്റപ്പെട്ട ചില കർഷകർമാത്രം പശു വളർത്തലും ആട് വളർത്തലും നടത്തി വന്നു .ജനകീയാസൂത്രണത്തിൻറെ കാലഘട്ടം വന്നതോടുകൂടി നിരവധി കർഷകർക്ക് ജീവനോപാധിയെന്ന നിലയിൽ പശു ആട് കോഴി മുയൽ തുടങ്ങി ഓരോ വർഷവും ലക്ഷക്കണക്കിന് രൂപയുടെ നേട്ടങ്ങൾ കൈവരിക്കാൻ

കഴിഞ്ഞു. ഒപ്പം മൃഗാശുപത്രിയും ചികിത്സാ സൌകര്യങ്ങളും വന്നു ചേർന്നു. നിലവിൽ താഴെകാണിച്ച പ്രകാരം മൃഗസംരക്ഷണ മേഖലയിൽ മൃഗങ്ങളേയും പക്ഷികളേയും സംരക്ഷിച്ചു വരുന്നു.

കോഴി 17048, ആട് 1924, പന്നി-155, താറാവ്-146, ടർക്കി-10, ഗിനിക്കോഴി- 3

ജനകീയാസൂത്രണ നേട്ടം അതിൻറെ കൃത്യമായ അർത്ഥത്തിൽ കൈവരിക്കാൻ ഇനിയും ആവശ്യമായ ബോധവത്കരണവും ഇടപെടലും ഉറപ്പു വരുത്താൻ കഴിയണം.

മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.
നിരന്തരമായ രോഗങ്ങൾ
തീറ്റപ്പുല്ല് ലഭ്യത കുറവും വില വർധനവും
ജല ജലഭ്യകുറവ്
മേച്ചിൽ പുറങ്ങളുടെ അപര്യാപ്തത

**ഭാവി കാഴ്ചപാട്**

കാലിത്തീറ്റ ആവശ്യത്തിന് ലഭ്യമാക്കുക
ഗുണമേന്മയും വിലക്കുറവും ഉറപ്പു വരുത്തുക
വർധിച്ചു വരുന്ന രോഗങ്ങൾക്ക് നിയന്ത്രണം ഉറപ്പു വരുത്തുക.
മുഴുവൻ സമയം പ്രവൃത്തിക്കുന്ന മൃഗാശുപത്രി
ഗുണമേന്മയുള്ള മരുന്നുകൾ ലഭ്യമാക്കുക
ആട്, പശു, പോത്ത് , കോഴി തുടങ്ങിയവയ്ക്ക് ഫാം സമ്പ്രാദയം നടപ്പിലാക്കുക
ഫാം നിർമിക്കുന്നതിന് പ്രത്യേക പരിഗണനയും സാമ്പത്തിക സഹായവും ഉറപ്പു വരുത്തുക.
ജല ലഭ്യതയും വെറ്റിനറിയുടെ ഭാഗത്തു നിന്നും നിരന്തരമായ നിരീക്ഷണം ഉറപ്പു വരുത്തുക.
കറവ യന്ത്രം സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
വന്യമൃഗങ്ങളിൽ നിന്നും വളർത്തു മൃഗങ്ങളെയും കൃഷിയും സംരക്ഷിക്കുന്നതിന് കാടുകളിൽ തന്നെ ആവശ്യമായ ഭക്ഷണം വെള്ളം എന്നിവ ഉറപ്പു വരുത്തുക.
കഴിഞ്ഞ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ താഴെ കാണിച്ചവയാണ്.

- കറവ പശു വിതരണം
- മുട്ടക്കോഴി വിതരണം
- പോത്തുകുട്ടി വിതരണം
- ആട് വിതരണം

വെറ്റിനറി ഡിസ്പെൻസറി കണ്ടിജന്റ് ചെലവുകൾ

വെറ്റിനറി ഡിസ്പെൻസറി മരുന്നു വാങ്ങൽ

മൃഗ സംരക്ഷണ മേഖലയിൽ നിലവിലുള്ള ഭരണ സമിതികാലത്ത് 13128181/- രൂപയുടെ മൃഗ സംരക്ഷണ പ്രവൃത്തികളും പി.എം.കെ.എസ് .വൈ പദ്ധതി വഴി 5968500/- രൂപയുടെ പദ്ധതികളും കുടുംബശ്രീ വഴി 65300000/- രൂപയുടെ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലുറപ്പ പദ്ധതി വഴി 11128990/- രൂപയുടെ പദ്ധതികളും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

ക്ഷീരവികസന മേഖലയിൽ നിലവിലുള്ള ഭരണ സമിതിയുടെ കാലത്ത് 4507016/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## പൊതുമാരമത്ത്

താറിംഗ് , കോൺക്രീറ്റ് മൺറോഡ് തുടങ്ങിയ നിരവധി റോഡുകളുള്ള നാടാണ് നരിപ്പറ്റ .

വികസന മുനേറ്റത്തിൻറെ ഭാഗമായി തൊട്ടിൽപ്പാലം - പുല്ലുവാ വരെയുള്ള മലയോര ഹൈവേയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ മുടിക്കൽ, കൈവേലി, കിഴക്കേ വള്ളിത്തറ വരെയുള്ള ഭാഗമായി 4.5 കി.മീറ്റർ നീളത്തിൽ റോഡ് പരിഷ്കരിക്കപ്പെട്ടു.

താഴെ പറയുന്ന പി.ഡബ്ല്യൂഡി. റോഡുകളും നിലവിലുണ്ട്.

1) കുളങ്ങരത്ത് നമ്പ്യത്താംകുണ്ട് വാളൂക്ക് വിലങ്ങാട് റോഡ്
   നരിപ്പറ്റ ഗ്രാമപഞ്ചായത്തിലൂടെ കന്നു പോകുന്ന പ്രധാന റോഡുകളിലൊന്നാണ്
2) കക്കട്ട് കൈവലേി മുള്ളമ്പത്ത് 7 കി.മീ. നീളത്തിലുള്ള റോഡ്
3) വട്ടോളി പാതിരപ്പറ്റ ചളിയിൽ തോട് റോഡ് 1400 മീറ്റർ.

ജില്ലാ പഞ്ചായത്ത്

നിട്ടൂർ മുക്ക് താവുള്ളകൊല്ലി എടോനി റോഡ് നീളം

മുള്ളമ്പത്ത് ഇരുമ്പംതടം എടോനി റോഡ് 5 കി. നീളത്തില്. ഈ റോഡിൽ ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായി 40 ലക്ഷം രൂപ ചെലവഴിച്ച് എടോനിയിൽ പാലം നിർമിച്ചു.

ഒരപ്പിൽമുക്ക് തെരുവം പറമ്പ് റോഡ്

മൺറോഡുകൾ കോൺക്രീറ്റ് റോഡുകളാക്കി മാറ്റുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 30 ശതമാനം ഫണ്ട് മെറ്റീരിയൽ വർക്കിന് അനുവദിച്ചിരുന്നു. ഇപ്പോഴത് വെറും 10 ശതമാനമാക്കി ചുരുക്കി. ഇതിനാൽ വളരെ കുറച്ച് റോഡുകൾ മാത്രമാണ് നിർമിക്കാൻ കഴിഞ്ഞത്.

ഓരോ വർഷവും ലക്ഷകണക്കിന് രൂപ ഗതാഗതമേഖലയ്ക്കായി ചെലവഴിച്ചു വരുന്നുണ്ട്. വിശാലമായ ഭൂപ്രദേശത്ത് യാത്രാ പ്രശ്നം പരിഹരിക്കാൻ പൂർണമായും കഴിഞ്ഞിട്ടില്ലെങ്കിലും വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊട്ടിപൊളിഞ്ഞ റോഡുകൾ പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ പെട്ടെന്നുള്ള കാലാവസ്ഥാ വ്യതിയാനം  റോഡുകൾ വളരെ വേഗം തകരുന്നതിന് കാരണമായിതീരുന്നു.

നിർമാണത്തിനിടയിലും തുടർന്നും മോണിറ്ററിംഗ് കമ്മറ്റിയുടെ ഇടപെടലും റോഡ് സുരക്ഷ മേൽനോട്ടവും ഉറപ്പു വരുത്തണം.

സ്ഥിരമായി നീർച്ചാലുകൾ ഉള്ള സ്ഥലങ്ങളിൽ ഓവു ചാലുകളും ചെറിയ ചെറിയ പാലങ്ങളും നിർമിച്ച് ദീർഘകാല സുരക്ഷ ഉറപ്പ് വരുത്തണം. റോഡ് സുരക്ഷയ്ക്ക് ശാസ്ത്രീയമായ രീതികൾ പരമാവധി ഉപയോഗപ്പെടുത്തണം. നരിപ്പറ്റ ഗ്രാമപഞ്ചായത്ത് നിലവിലുള്ള ഭരണ സമിതയുടെ കാലത്ത് താഴെകാണിച്ച പ്രകാരം വാർഷിക പദ്ധതിയിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| കെട്ടിട നിർമാണവും അറ്റകുറ്റപണികളും | – 25416366/– |
| കുടിവെള്ള പദ്ധതികൾ | – 117200003/– |
| റോഡുകൾ | – 91760869/– |
| മറ്റ് നിർമാണ പ്രവത്തികൾ | – 2810892/ |
| പി.എം.കെ.എസ്. വൈ പ്രവൃത്തികൾ | – 2413177/– |
| തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പ്രവൃത്തി | – 67391788/– |

<u>ഭിന്നശേഷി വികസനം</u>

നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ ആകെ 409 ഭിന്നശേഷിക്കാരിൽ 164 പേർ സ്ത്രീകളും 245 പേർ പുരുഷന്മാരുമാണ്. ഒരു വയസു മുതൽ പത്ത് വയസുവരെയുള്ള 13 പേരും 11 മുതൽ 20 വയസ് വരെയുള്ള 34 പേരും 21 മുതൽ 40 വയസ് വരെയുള്ളവർ 111 പേരും 40 മുതൽ 60

വരെയുള്ളവർ 156 പേരും 60 വയസിന് മുകളിൽ 95 പേരുമാണുള്ളത്. ഇതിൽ 338 പേർക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ളവർ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിട്ടുള്ളവരും 40 ശതമാനം വൈകല്യമില്ലാത്തതിനാൽ സർട്ടിഫിക്കറ്റ് കിട്ടാത്തവരുമുണ്ട് .യുഡിഐഡി കാർഡിനു വേണ്ടി, സർട്ടിഫിക്കറ്റ് കിട്ടിയ എല്ലാവരും അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും എല്ലാവർക്കും കാർഡ് കിട്ടി വരുന്നതേയുള്ളൂ. ബഡ്സ് സ്കൂളിലും മറ്റ് സ്കൂളുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള 105 പേർക്ക് സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. 283 ഭിന്നസേഷി കുടുംബത്തിൻറെ രേഷൻകാർഡ് ബി.പി.എൽ വിഭാഗത്തിലും 88 പേരുടേത് എപിഎൽ വിഭാഗത്തിലും 38 പേർ എ.എ വൈ വിഭാഗത്തിലും റേഷൻകാർഡ് ഉള്ളവരാണ്. കേൾവി/ സംസാര വൈകല്യമുള്ള വർ 80 പേരും കാഴ്ച വൈകല്യമുള്ള 48 പേരും മാനസിക പ്രശ്നമുള്ള 117 പേരുംചലന/പേശി വൈകല്യമുള്ള 133 പേരും ഒന്നിലധികം വൈകല്യമുള്ള 31 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്. 409 ഭിന്നശേഷിക്കാരിൽ 12 പേർ സർക്കാർ ജോലി ചെയ്യുന്നവരും 35 പേർ കൂലിപ്പണി ചെയ്യുന്നവരും രണ്ട് പേർ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരും 360 പേർ തൊഴിൽ രഹിതരുമാണ്. സർവ്വേ നടത്തിയതിൻറെ ഭാഗമായി 17 പേർ സ്വയം തെഴിൽ ചെയ്യാൻ താത്പര്യം കാണിച്ചതായി കണ്ടെത്തി. ഭിന്നശേഷിക്കാരിൽ കിഡ്നി രോഗമുള്ളവർ സ്ട്രോക്ക് വന്നവർ ഡയാലിസിസ് ചെയ്യുന്നവർ അറ്റാക്ക് വന്നവർ എന്നിങ്ങനെ മാരകമായി അസുഖങ്ങൾ ഉള്ളവരേയും കണ്ടെത്തി. നരിപ്പറ്റ ഗ്രാമപഞ്ചായത്ത് നിലവിലുള്ള ഭരണസമിതിക്കാലത്ത് ഭിന്നശേഷി സ്കോളർഷിപ്പ് പദ്ധതിക്ക് മാത്രമായി 12917784/ രൂപയും ഭിന്നശേഷിക്കാർക്കുള്ള മറ്റ് പദ്ധതികൾക്കായി 6353136/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

## വയോജനം

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ കാലത്ത് വയോജനങ്ങൾ വേണ്ടിയുള്ള പദ്ധതിക്കായി വയോജനങ്ങൾക്ക് കട്ടിൽ, ഉപകരണങ്ങൾ നൽകൽ , വയോജന വിശ്രമ കേന്ദ്രം നവീകരണം തുടങ്ങിയ പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന് പുറമെ വയോജന വിശ്രമകേന്ദ്രം നവീകരണത്തിന് ജില്ലാ പഞ്ചായത്ത് പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഈ മേഖലയിൽ ആകെ 2604647/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## പൊതു ഭരണം

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് നിലവിലുള്ള ഭരണ സമിതിയുടെ കാലത്ത് ഗ്രാമപഞ്ചായത്തിൻറെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പൊട്ടിപൊളിഞ്ഞുകിടന്ന ഓഫീസ് സംവിധാനം നവീകരിച്ച് പരിമിതമായ സാഹചര്യത്തിലും മെച്ചപ്പെട്ട സംവിധാനമാക്കി മാറ്റിയിട്ടുണ്ട്. ഇലക്ട്രിക്കൽ , നെറ്റ് വർക്കിംഗ് സംവിധാനങ്ങൾ പുതുക്കുകയും ചെയ്തിട്ടുണ്ട്. കാലാകാലങ്ങളിൽ ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതി, അങ്കണവാടി പ്രവർത്തകർക്കുള്ള ഓണറേറിയം എന്നീ ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും ഈടാക്കുന്നതുക സംബന്ധിച്ച വിവരങ്ങളും കാലികമാക്കി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുകയും ആയത് പ്രകാരമുള്ള സംവിധാനങ്ങൾ നിലനിർത്തി പോരുകയും ചെയ്യുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് ഇക്കാലയളവിൽ 12917784/- രൂപ ചെലവഴിച്ചിട്ടുമുണ്ട്.

## <u>പട്ടികജാതി/ പട്ടിക വർഗ്ഗം</u>

നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ വടക്ക് കിഴക്ക് ഭാഗത്തായി വയനാടൻ മലനിരകളോട് കൈകോർത്ത് നിൽക്കുന്ന പ്രകൃതി സുന്ദരമായ വായാട് ഉന്നതി. കുറിച്യസമുദായത്തിൻറെ വേരുകൾ ആഴ്ന്നിറങ്ങിയ ഈ പ്രദേശത്ത് പ്രാരംഭകാലത്ത് വികസനത്തിൻറെ നിഴലുപോലും എടുത്ത് പറയാൻ ഇല്ലായിരുന്നു. ക്രിസ്ത്യാനികളും ഹിന്ദുകളും തിങ്ങി താമസിക്കുന്ന വിലങ്ങാട് ടൌണാണ് ഉന്നതിയെ പൊതുസമൂഹവുമയി ബന്ധിപ്പിക്കുന്നത്. കുറിച്യ സമുദായത്തിൻറെ തെളിമയും മേൻമയും അതെപോലെ നിലനിർത്തി ആഢ്യത്വത്തിൻറെയും നൻമയുടെയും മികവിൽ ജീവിച്ച് വരുന്ന ഒരുകൂട്ടം കുടുംബങ്ങൾ. പൊതു വിദ്യാഭ്യാസത്തിന് വിലങ്ങാട് സെൻറ് ജോർജ്ജ് സ്കൂളിനെ ആശ്രയിക്കാൻ കാതങ്ങൾ താണ്ടി വിദ്യാഭ്യാസം നേടിയവർ . പാർശ്വവൽക്കരിക്കപ്പെട്ടവരുടെ തിക്താനുഭവങ്ങൾ നുണയുമ്പോഴും തൻറെ മാത്രം ഉൾകരുത്ത് കൊണ്ട് തീജ്വാല പോലെ ഉയർന്നു വന്നവർ ഇന്ന് വായാട് കുടുംബത്തിലെ 22 കുടുംബം ഗവ. ജീവനക്കാരുള്ള കുടുംബമാണ്. അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശക്തിപ്പെടലും കാരണം പട്ടികവിഭാഗങ്ങളുടെ വികസനത്തിൽ മുമ്പെന്നും ഇല്ലാത്തവിധത്തിലുള്ള ഉണർവ്വ് പ്രകടമാണ്. പദ്ധതി ആസൂത്രണത്തിലും അതിൻറെ നിർവ്വഹണ പ്രക്രിയയിലും ഇടപ്പെടാനുള്ള നിയമപരമായ അധികാരം പട്ടികവിഭാഗങ്ങളിൽ കൂടുതൽ അവകാശബോധവും വികസന പ്രക്രിയ ചെയ്യുന്നതിലുള്ള അവബോധവും സൃഷ്ടിച്ചു.

പട്ടിക വിഭാഗത്തിൽ നിന്നുള്ള ജനപ്രതിനിധികൾ, പ്രമോട്ടർമാർ ഉദ്യോഗസ്ഥർ, സാമൂഹ്യ രാഷ്ട്രീയ നേതാക്കൻമാർ തുടങ്ങിയവർ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ വഴിയുള്ള പ്രാദേശിക വികസന സാധ്യതയെ ഉപയോഗപ്പെടുത്തി കൊണ്ട് ഇവർക്കിടയിൽ വികസന ചർച്ചകൽ സജീവമാക്കി. കുടിവെള്ളം, വൈദ്യുതി, ഗതാഗത സൌകര്യം ഭവന നിർമ്മാണം,ദാരിദ്ര്യ നിർമ്മാണം,മാലിന്യസംസ്കരണം തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

## ആധുനിക ഉന്നതി

കോളനിയിൽ നിന്നും ഉന്നതിയിലേക്കുള്ള യാത്ര അതിപ്രാധാന്യമുള്ളതായിരുന്നു. കോളനിയെ **'ഉന്നതി'** എന്ന് നാമകരണം വളരെ എളുപ്പമായിരുന്നില്ല. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തെ കൂട്ടുപിടിച്ച് ഉന്നതിയിലെത്തിക്കാൻ സർക്കാർ ഏറ്റെടുത്ത പ്രവർത്തനങ്ങൾ മികച്ചതായിരുന്നു. പലമേഖലകളിലായി പ്രത്യേക വിഭാഗകാർക്ക് ഊന്നൽ നൽകി അവരെ ഉന്നതിയിലേക്ക് കൊണ്ടു വന്നു. വിദ്യാഭ്യാസ രംഗത്ത് ഗോത്ര സാരഥി പദ്ധതിയും, പഠനോപകരണങ്ങളും പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പഠനമികവിന് ലാപ്പ്ടോപ്പ് ഉൾപ്പെടെ നൽകി കൊണ്ട് ഉന്നത വിദ്യാഭ്യാസം ഉറപ്പ വരുത്തുന്നു. പഠനത്തിന് സൌകര്യമില്ലാത്ത വീടിന് പഠനമുറിയും നൽകി വരുന്നു . സാമ്പത്തിക പരമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായവും വർഷാവർഷങ്ങളിൽ നൽകി വരുന്നു. യുവാക്കൾക്ക് കലാപരമായ കഴിവ് വർദ്ധിപ്പിക്കുന്നതിന് ഉന്നതിയിൽ സാംസ്കാരിക നിലയവും ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് ആധുനിക രീതിയിലുള്ള അംഗനവാടി കെട്ടിടവും പഞ്ചായത്ത് പണി കഴിപ്പിച്ച് നൽകിയിട്ടുണ്ട്. നിലവിലുള്ള ഭരണ സമിതിക്കാലത്ത് പട്ടികജാതി വിഭാഗത്തിൻറെ ഉന്നമനത്തിനായി 8102379/- രൂപയും പട്ടികവർഗ വിഭാഗത്തിൻറെ ഉന്നമനത്തിനായി 7381508/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം കല സംസ്കാരം യുവജനക്ഷേമം

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് നിലവിലെ ഭരണ സമിതിയുടെ കാലത്ത് വിദ്യാഭ്യാസം കല സംസ്കാരം മേഖലകളിൽ കാണിച്ച പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, പഠനമുറി, പ്രൈമറി സ്കൂളുകളുടെ നവീകരണം, ഉല്യത പരീക്ഷ കേരളോത്സവം, ക്ലബുകൾക്ക് കെട്ടിട നിർമാണം , ആവശ്യമായ ഫർണിച്ചർ നൽകൽ എന്നിങ്ങനെ നിരവധിയായ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ മേഖലയിൽ ഭരണ സമിതിക്കാലത്ത് ആകെ 9135878/- രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

## സ്ത്രീകളുടേയും കുട്ടികളുടേയും വികസനം.

നരിപ്പറ്റ ഗ്രാമപഞ്ചായത്ത്  നിലവിലുള്ള ഭരണ സമിതിയുടെ  കാലത്ത് വനിതാ പദ്ധതികൾക്കായി 18888662/ രൂപയും കുട്ടികൾക്കുള്ള പദ്ധതികൾക്കായി 4373407/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

<u>ചെറുകിട വ്യവസായം</u>

കേരളത്തിലെ ഓരോ പഞ്ചായത്തും തനതായ കാർഷിക വിഭവങ്ങളാൽ സമ്പന്നമാണ് . എന്നാൽ, വിളവെടുക്കുന്ന ഉൽപ്പന്നങ്ങൾ അസംസ്കൃതമായി വിൽക്കുന്നത് കർഷകർക്കും പഞ്ചായത്തിനും വലിയ സാമ്പത്തിക നേട്ടം നൽകുന്നില്ലഇതിനൊരു പരിഹാരം . പ്രാദേശികമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്ുകക എന്നതാണ്കയും പഞ്ചായത്തിന് ഇത് കർഷകർക്ക് മികച്ച വില ഉറപ്പാക്ക . .പുതിയ വരുമാന മാർഗ്ഗങ്ങൾ തുറന്നു നൽകുകയും ചെയ്യും

ചക്ക: സാധ്യതകളുടെ കലവറ

കേരളത്തിൽ സുലഭമായി ലഭിക്കുന്നതും എന്നാൽ വലിയൊരു ഭാഗം പാഴായിപ്പോകുന്നതുമായ ഒരു ഫലമാണ് ചക്ക. ചക്കയെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര, അന്താരാഷ്ട്ര വിപണികളിൽ വലിയ സാധ്യതകളുണ്ട്.

പരമ്പരാഗതവും നൂതനവുമായ ഉൽപ്പന്നങ്ങൾ: ചിപ്സ്, പപ്പടം, അച്ചാറുകൾ തുടങ്ങിയ പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് പുറമെ, ഉയർന്ന വിപണിമൂല്യമുള്ള നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാവുന്നതാണ്. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് 'വാക്വം ഫ്രൈഡ് ചിപ്സ്'. സാധാരണ വറുക്കുന്ന രീതിയെ അപേക്ഷിച്ച് എണ്ണയുടെ ഉപയോഗം 90% വരെ കുറയ്ക്കാനും, ചിപ്സിന്റെ സ്വാഭാവിക നിറവും ഗുണങ്ങളും നിലനിർത്താനും ഈ സാങ്കേതികവിദ്യ സഹായിക്കുന്നു. മറ്റൊന്ന്, ഗ്ലൂട്ടൻ രഹിതവും പ്രമേഹരോഗികൾക്ക് അനുയോജ്യവുമായ 'ചക്കപ്പൊടി'യാണ്. ഇത് ഉപയോഗിച്ച് പുട്ട്, ചപ്പാത്തി, ഇഡ്ഡലി തുടങ്ങിയ വിഭവങ്ങൾ ഉണ്ടാക്കാം. ഒരു വർഷം വരെ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന 'റെഡി-ടു-കുക്ക് ' പച്ചച്ചക്ക, 'റിട്ടോർട്ട് പ്രോസസ്സിംഗ്' വഴി പാക്ക് ചെയ്ത ഉൽപ്പന്നങ്ങൾ എന്നിവയ്ക്കും വലിയ വിപണന സാധ്യതയുണ്ട്.  കൂടാതെ ജാം ,ജെല്ലി ,ഐസ്ക്രീം,സ്മൂത്തീസ് ,ഡെസേർട്ട്സ് എന്നിവ ഉണ്ടാക്കാൻ ചക്ക ഉപയോഗിക്കുന്നു

സീറോ-വേസ്റ്റ് മാതൃക: ചക്കയുടെ എല്ലാ ഭാഗങ്ങളും ഉപയോഗപ്പെടുത്തുന്ന ഒരു 'സീറോ-വേസ്റ്റ്' സംരംഭ മാതൃക വികസിപ്പിക്കാൻ സാധിക്കും. ചക്കയുടെ മടലും ചവിണിയും പോലുള്ള പാഴ്വസ്തുക്കളിൽ നിന്ന് ബയോ-ഓയിൽ, ബയോഗ്യാസ്, കാലിത്തീറ്റ, മറ്റ് ജൈവ

ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കാൻ കഴിയും. ഇത് മാലിന്യ നിർമ്മാർജ്ജനത്തിനും അധിക വരുമാനം നേടുന്നതിനും സഹായിക്കും.

വ്യവസായ വകുപ്പിൻറെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ ചെറുകിട വ്യവസായ സംരഭങ്ങളുടെ ലക്ഷ്യം 120 എണ്ണമായിരുന്നെങ്കിൽ കൈവരിച്ചത് 85 എണ്ണമായിരുന്നു 70.83 ശതമാനം വളർച്ച മാത്രമാണ് നേടാൻ കഴിഞ്ഞത് 5.67 കോടി രൂപയുടെ മൂലധന നിക്ഷേപവും 155 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും എം എസ് എം ഇ വഴി കഴിഞ്ഞിട്ടുണ്ട്, കാറ്റഗറി തിരിച്ച് 2022-23 വർഷത്തിൽ ഉദ്പാദനമേഖലയിൽ 14 സംരഭങ്ങളും സർവ്വീസ് മേഖലയിൽ 28 സംരഭങ്ങളും വാണിജ്യ മേഖലയിൽ 43 എണ്ണവും സംരഭങ്ങൾ തുടങ്ങാനും സാധിച്ചിട്ടുണ്ട്,എന്നാൽ അടുത്തസാമ്പത്തിക വർഷത്തിൽ വേണ്ടത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞില്ല 2.72 കോടിയുടെ സംരഭങ്ങളും 87 തൊഴിലവസരങ്ങളും സൃഷ്ടിക്കാനും 69 ശതമാനം ലക്ഷ്യം കൈവരിക്കാനും നമുക്ക് കഴിഞ്ഞു.

2024-25 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുകയും സംരഭക സൌഹൃദമായ ഒരു ഇക്കോസിസ്റ്റം നമ്മുടെ പഞ്ചായത്തിലടക്കം വളർന്നു വരുകയും ചെയ്തു, 2024-25 വർഷത്തിൽ സംരഭങ്ങളുടെ ലക്ഷ്യം 65 എണ്ണമായിരുന്നെങ്കിൽ കൈവരിച്ചത് 68 എണ്ണമായിരുന്നു 104.62 ശതമാനം വളർച്ച നേടാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു 5.61 കോടി രൂപയുടെ മൂലധന നിക്ഷേപവും 145 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ചെറുകിട വ്യവസായ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്, കാറ്റഗറി തിരിച്ച് 2024-25 വർഷത്തിൽ ഉദ്പാദനമേഖലയിൽ 6 സംരഭങ്ങളും സർവ്വീസ് മേഖലയിൽ 16 സംരഭങ്ങളും വാണിജ്യ മേഖലയിൽ 26 എണ്ണവും സംരഭങ്ങൾ തുടങ്ങാനും സാധിച്ചിട്ടുണ്ട് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആകെ 48 സംരഭങ്ങൾക്ക് തുടക്കം കുറിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്.

നരിപ്പറ്റ ഗ്രാമപഞ്ചായത്ത് നിലവിലെ ഭരണ സമിതിയുടെ കാലത്ത് 1692000/- രുപ ഈ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്.

## നരിപ്പറ്റയുടെ ടൂറിസം സാധ്യതകൾ

പ്രകൃതി സൌന്ദര്യവും കാലാവസ്ഥയും ജൈവ വൈവിധ്യവുമാണ് മലയോര ഗ്രാമമായ നരിപ്പറ്റയുടെ പ്രത്യേകത. പശ്ചിമഘട്ട മലനിരകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഹരിതാഭമായ കുന്നുകളും മലകളും തലയുയർത്തി നിൽക്കുന്ന പാറക്കൂട്ടങ്ങളും അരുവികളും തോട്ടം

പുഴകളുമെല്ലാം അടങ്ങിയ പ്രകൃതി ഭംഗി നയനമനോഹരമാണ് പുറംലോകമറിയാത്ത നാട്ടു തനിമയും കലയും സംസ്കാരവും ഒത്തുചേരുന്ന നമ്മുടെ നാട് ടൂറിസത്തിൻറെ അനന്ത സാധ്യതകളിലേക്ക് വിരൽചൂണ്ടുകയാണ്.

നമ്മുടെ പഞ്ചായത്തിലെ ടൂറിസ്റ്റ് സാധ്യതകൾ നിലനിൽക്കുന്ന ഉറിതൂക്കിമല,വാളൂക്ക്-പുള്ളിപ്പാറ, കാപ്പിമല, മുടിക്കൽ പുഴയോരം, വിലങ്ങാട് പവർ ഹൌസ്, നാദാപുരം മുടി ട്രക്കിങ് തുടങ്ങിയ പ്രദേശങ്ങളെ കോർത്തിണക്കി ഒരു പദ്ധതി രൂപപ്പെടുത്താവുന്നതാണ്. അഡ്വഞ്ചർ ടൂറിസത്തിൻറെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ നാദാപുരം മുടിയിലേക്ക് അത്തായക്കൊത്ത്,എലിപ്പെട്ടിമല വഴി ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ഉറിതൂക്കിമല

നാട്ടുവഴികളിൽ പഴശ്ശി പോരാട്ടത്തിൻറെ ചരിത്രങ്ങളിൽ രേഖപ്പെടുത്താതെ പോയ ഉറിതൂക്കിമല. "വീരപഴശ്ശിയുടെ ഉറിതൂക്കിയ പാറ" നരിപ്പറ്റയുടെ ടൂറിസത്തിൻറെ ഏറ്റവും മനോഹരമായ സാധ്യതയാണ്. പ്രകൃതി സൌന്ദര്യത്തിൻറെ വിസ്മയ കാഴ്ചയൊരുക്കി തലയുയർത്തി നിൽക്കുന്ന ഉറിതൂക്കിപ്പാറ മൺസൂൺ കാലത്ത് കോട മഞ്ഞിൽ പൊതിഞ്ഞ് വ്യത്യസ്ത അനുഭൂതിയാണ് സഞ്ചാരികൾക്ക് പകർന്ന് നൽകുന്നത്. ഇത് പ്രയോജനപ്പെടുത്തി ആഭ്യന്തര - വിദേശ ടൂറിസ്റ്റുകളെ എത്തിക്കുന്നതിന് സമഗ്ര പദ്ധതിക്ക് രൂപം കൊടുക്കാവുന്നതാണ്. റോപ്പ് വേ,ചിൽഡ്രൻസ് പാർക്ക്,പഴശ്ശിയുടെയും പൈതൃക കാർഷിക സംസ്കൃതിയുടെയും മ്യൂസിയം,സഞ്ചാരികൾക്ക് പൈതൃക ഭക്ഷണശാല (കപ്പ,കാച്ചിൽ,ചേമ്പ്,നാടൻ പഴം,നാടൻകോഴി,റാഗി,ചാമ, തെന ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന വിഭവങ്ങൾ),താമസ സൌകര്യത്തിന് പൈതൃക വില്ലകൾ,ഏറുമാടം,തനത് ഉത്പന്ന വിപണന കേന്ദ്രം( പക്ഷി മൃഗാദികൾ ഉൾപ്പെടെ) എന്നീ സംവിധാനങ്ങൾ ഒരുക്കാവുന്നതാണ്.

പുള്ളിപ്പാറ

വാളൂക്ക് മലയിൽ സ്ഥിതിചെയ്യുന്ന പുള്ളിപ്പാറ പ്രകൃതി സൌന്ദര്യം ആസ്വദിക്കാൻ കഴിയുന്ന ടൂറിസ്റ്റ് കേന്ദ്രമാണ്.വയനാട് ഫോറസ്റ്റിനോട് അതിർത്തി പങ്കിടുന്ന പ്രദേശമായതിനാൽ കാലാവസ്ഥ സഞ്ചാരികൾക്ക് അനുയോജ്യമാണ്.ലൈറ്റ് ഹൌസ്,ഗ്ലാസ്സ്

ബ്രിഡ്ജ്,വില്ലകൾ,ഹോം സ്റ്റേ,പൈതൃക ഭക്ഷണശാല എന്നിവ ഉപയോഗപ്പെട്ടുത്തി പദ്ധതികൾ രൂപപ്പെട്ടുത്താവുന്നതാണ്.

<u>നാദാപുരം മുടി ഇക്കോട്ടൂറിസം & ട്രക്കിംഗ്</u>

കോഴിക്കോടി ജില്ലയിലെ ഉയരം കൂടിയതും വയനാട് ജില്ലയോട് അതിർത്തി പങ്കിടുന്നതുമായ പ്രകൃതി രമണീയമായ ഭൂപ്രദേശമാണ് നാദാപുരം മുടി.അതീവ പരിസ്ഥിതി ലോല പ്രദേശവും ജൈവവൈവിധ്യ കലവറയുമായ നാദാപുരം മുടി സാഹസിക ടൂറിസത്തിന് അനുയോജ്യമാണ്. അതിനാൽ വാളൂക്ക് ,മരിയഗിരി അത്താഴക്കൊത്ത് വഴി എലിപ്പെട്ടി മലയിലൂടെ ട്രക്കിംഗ് നടപ്പാക്കാവുന്നതാണ്.ട്രക്കിംങ് ആരംഭിക്കുന്ന പോയിൻറിൽ ടെൻറുകൾ ഏറുമാടങ്ങൾ എന്നിവ സ്ഥാപിക്കാവുന്നതാണ്.

<u>കാപ്പിമല</u>

കാലാവസ്ഥയും ജൈവവൈവിധ്യവും ഒത്തുചേർന്ന മനോഹരമായ ഭൂപ്രദേശമാണ് കാപ്പിമല. പഞ്ചകർമ്മ,കളരി,പരമ്പരാഗത ആയുർവേദ മസാജ്,യോഗ,ധ്യാനം തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്രപദ്ധതിക്ക് രൂപം നൽകാവുന്നതാണ്.

<u>സാഹസിക ടൂറിസം സാധ്യതകൾ</u>

നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ മലയോരമേഖലയായ ഉറിതൂക്കി,കാപ്പിമല പ്രദേശങ്ങളെ ഉൾപ്പെടുത്തി ഓഫ് റോഡ് യാത്ര നടപ്പാക്കാവുന്നതാണ്.

<u>മുടിക്കൽ</u>

നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ മുടിക്കൽ പുഴയോരം നിലവിൽ ടൂറിസത്തിന് ഏറ്റവും സാധ്യതയുള്ള പ്രദേശമാണ്.പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മിച്ച് ബോട്ട് സർവ്വീസ്,കളിപ്പൊയ്ക,ഫുഡ് സ്ട്രീറ്റ് ,ഓപ്പൺ ജിംനേഷ്യം,ചിൽഡ്രൻസ് പാർക്ക്,വാട്ടർ ലൈറ്റ് ഷോ എന്നിവ ഉൾപ്പെടുത്തി സമഗ്ര പദ്ധതി രൂപീകരിക്കാവുന്നതാണ്.

<u>സഹകരണം ആവശ്യമായ വകുപ്പുകൾ.</u>

1) ത്രിതല പഞ്ചായത്തുകൾ
2) ടൂറിസം വകുപ്പ്
3) പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ്
4) കുടുംബശ്രീ

5) സൊസൈറ്റികൾ

പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ

1)പശ്ചാത്തല സൌകര്യം ഒരുക്കൽ

2)റോഡുകൾ നവീകരണം

3)വൈദ്യുതി

4)സ്ഥലം വാങ്ങൽ

5)ഗതാഗത സൌകര്യം

നേട്ടങ്ങൾ

1) മാനവവിഭവശേഷി വികസനം

2) തൊഴിൽ

3) പൊതുവായ വികസനം

4) പബ്ലിസിറ്റി.

കെ സ്മാർട്ട്

ഗ്രാമപഞ്ചായത്തിലെ മുഴുവൻ സേവനങ്ങളും ഒരു കുടക്കീഴിൽ എത്തിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കെ-സ്മാർട്ട് നടപ്പിലാക്കിയത്. 2025 ഏപ്രിൽ 1 മുതൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ കെ- സ്മാർട്ട് വിന്യസിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നേരിട്ട് എത്തി അപേക്ഷ സമർപ്പിക്കുന്നതിന് പകരം പൊതു ജനങ്ങൾക്ക് എവിടെനിന്നും ഗ്രാമപഞ്ചായത്തിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഫയൽ സ്റ്റാറ്റസ് അപേക്ഷകന് നേരിട്ട് അറിയാവുന്നതുമാണ്.

**പെൻഷൻ സംബന്ധിച്ച വിവരങ്ങൾ**

| ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|
| | നിലവിലുള്ള ആകെ ഗുണഭോക്താക്കൾ | ഈ ഭരണസമിതി(2021–2025) കാലത്ത് പെൻഷൻ അനുവദിച്ചവർ |
| Agricultural Labour Pension | 1006 | 203 |
| Indira Gandhi National Old Age Pension Scheme | 2315 | 1016 |
| Indira Gandhi National Disability Pension Scheme | 363 | 58 |

| | | |
|---|---|---|
| Pension for the Unmarried Women above 50 years | 26 | 4 |
| Indira Gandhi National Widow Pension Scheme | 1122 | 153 |
| ആകെ | 4832 | 1434 |